## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : T-1924

22.01.2014 ലെ മറുപടിയ്ക്ക്

### സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| (ബി) ഇതനുസരിച്ച് സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാർ സെസ്സിനെ ഔദ്യോഗികമായി ഏറ്റെടുത്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമ ശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും (എക്സ് ഒഫിഷ്യോ) തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ 01.01.2014-ൽ ഒപ്പുവച്ചു. |
| (സി) ഇത് മൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ; | (സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ വർദ്ധിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരങ്ങൾ ലഭിക്കാൻ ഈ ഏറ്റെടുക്കൽ പ്രയോജനകരമാകും. ഇപ്പോൾ നിലവിലുള്ളതിനു പുറമെ വിവിധതരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങളുടെയും ഭൗമ ശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരുടെയും മറ്റു വിദഗ്ദരുടെയും സഹായത്തോടുകൂടി ഭൗമ ഗവേഷണത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് കരുതുന്നു. |

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സെസ്സിന്റെ വികസന പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾ-ക്കും ലബോറട്ടറി നവീകരണത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റു ആവശ്യങ്ങൾ--ക്കുമാണ് വകയിരുത്തിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ